LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണത്തിനുള്ള പണം ലഭ്യമാക്കുന്നതിനുള്ള നടപടി

*8 [928] ശ്രീ. സാജുപോൾ:
,, കെ. വി. കുഞ്ഞിരാമൻ:
,, പി. ജയരാജൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളെ സംബന്ധിച്ച എത്തെല്ലാം ചുമതലകളാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നത്;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പി. ഡി. അക്കൗണ്ടുകളിലെ പണം തിരിച്ചെടുത്തതുമൂലം സ്കൂളുകളിലെ ഉച്ചക്കഞ്ഞി വിതരണം അടക്കമുള്ള പല പ്രവൃത്തികളും പ്രതിസന്ധിയിലായിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) പി. ഡി. അക്കൗണ്ടുകളിലെ പണം തിരിച്ചെടുത്ത സ്ഥിതിക്ക് സ്കൂളുകൾക്ക് ഇതിനാവശ്യമായ പണം നേരിട്ട് നൽകുന്നതിന് തയ്യാറാകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഗ്രാമപഞ്ചായത്തിലുള്ള എൽ. പി. സ്കൂളുകളുടെ നിയന്ത്രണം, സർക്കാർ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക, പ്രീ-പ്രൈമറി സ്കൂളുകൾ നടത്തുക, വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകളും ഗ്രാന്റുകളും വിതരണം ചെയ്യുക, അനൗപചാരിക വിദ്യാഭ്യാസവും വയോജന വിദ്യാഭ്യാസവും മറ്റു സാക്ഷരതാ പരിപാടികളും നടപ്പിലാക്കുക, സ്കൂളുകളിൽ കായികാദ്ധ്യാപന സംസ്കാരം അവതരിപ്പിക്കുകയും, പ്രോൽസാഹിപ്പിക്കുകയും ചെയ്യുക തുടങ്ങിയ അധികാരങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

ഹൈസ്കൂളുകളുടേയും, യു. പി. സ്കൂളുകളുടേയും മേൽനോട്ടം ജില്ലാ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

മുനിസിപ്പൽ ഏരിയയിൽ സ്ഥിതി ചെയ്യുന്ന സർക്കാർ എൽ. പി./യു. പി., ഹൈസ്കൂളുകളുടെ നിയന്ത്രണവും മേൽനോട്ടവും സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ, കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുക, പ്രീ-പ്രൈമറി സ്കൂളുകളും, പരിശീലന കേന്ദ്രങ്ങളും നടത്തുക, കുട്ടികളുടെ സ്കോളർഷിപ്പ്, ഗ്രാന്റുകൾ, ഇവയുടെ വിതരണം തുടങ്ങിയ അധികാരങ്ങൾ മുനിസിപ്പാലിറ്റികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി, ഡി) പി.ഡി. അക്കൗണ്ട് ആരംഭിക്കുവാനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

മൈത്രീ ഭവന നിർമ്മാണ പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടി

*9 [929] ശ്രീ. എ.കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിപ്രകാരം പുതിയ അപേക്ഷകർക്ക് വായ്പ നൽകേണ്ടതില്ലെന്നും തുടർ ഗഡുക്കൾ നൽകി പദ്ധതി പൂർത്തീകരിച്ചാൽ മതിയെന്നും സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഹഡ്കോയിൽ നിന്നും ഈ പദ്ധതിക്ക് വായ്പ ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതിയുടെ എത്ര ശതമാനമാണ് ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്; നിലവിലുള്ള ശതമാനം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ദുർബ്ബല വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പുതിയ ഭവന പദ്ധതിക്ക് ഹഡ്കോയിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മൈത്രീ ഭവന നിർമ്മാണ പദ്ധതി ഭവന നിർമ്മാണ ബോർഡ് നേരിട്ട് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ്. ഈ ഭവന പദ്ധതി നടപ്പിലാക്കുന്നതിൽ യാതൊരു ശതമാനമോ സംവരണമോ നിശ്ചയിച്ചിട്ടില്ല.

അച്ചടിച്ച വിലയേക്കാൾ കൂടുതൽവില ഈടാക്കുന്നതിനെതിരെ നടപടി

*10 [930] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉൽസവകാലങ്ങളിൽ ആരംഭിക്കുന്ന വിപണന മേളകളിൽ അച്ചടിച്ച വിലയേക്കാൾ അധിക വില കച്ചവടക്കാർക്ക് ഈടാക്കാൻ അനുവാദമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly